# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാറഡുക്ക ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി7/930/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 25/01/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാറഡുക്ക ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി7/930/21 തീയ്യതി: 25/01/2022

## കാസർഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 0 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അജിതൻ.ടി.എൻ. | ഡെപ്യൂട്ടി ഡയറക്ടർ | 22-12-2021 | 30-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-12-2021 | 30-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഗോപാലകൃഷ്ണ നായ്ക് പി.ഓഡിറ്റ് ഓഫീസർ

ശ്രീ.ജയാനന്ദ എച്ച്.ഓഡിറ്റ് ഓഫീസർ

ശ്രീ.യാദവ കുമാരാ സി.എച്ച്.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.എം.ബാബു ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജനാർദ്ദനൻ സി .സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| അനസൂയ റോയ് | പ്രസിഡന്റ് | 01-04-2020 | 13-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 14-11-2020 | 29-12-2020 |
| അഡ്വ.ഗോപാലകൃഷ്ണ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ഗോപാല.കെ | സെക്രട്ടറി | 01-04-2020 | 13-05-2020 |
| ബേബി.എ | സെക്രട്ടറി-ഇ**ൻ**-ചാ**ർ**ജ്ജ് | 14-05-2020 | 21-06-2020 |
| ഗോപാല.കെ | സെക്രട്ടറി | 22-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ബേബി.എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഐശ്വര്യാ സിങ്ങ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 11-02-2021 |
| സതീശൻ.എം.കെ | അസിസ്റ്റന്റ് എഞ്ചിനിയർ (അഡീഷനൽ ചാർജ്) | 12-02-2021 | 31-03-2021 |
| ഹുസൈൻ.പി.പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| നസീറ.എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 26-08-2020 |
| അഭിജിത.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 27-08-2020 | 31-03-2021 |
| മേഴ്സി സെക്യൂറ | പ്രധാനാധ്യാപകൻ | 01-04-2020 | 18-06-2020 |
| ജയരാജ് | പ്രധാനാധ്യാപകൻ | 19-06-2020 | 31-03-2021 |
| സനെല്ലാ സണ്ണി | വെറ്റിനറി സർജ്ജൻ | 01-04-2020 | 30-06-2020 |
| ശ്രീവീൺ.എൻ | വെറ്റിനറി സർജ്ജൻ | 01-07-2020 | 31-03-2021 |
| അന്ന സിക്സസ് | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| വിശ്വനാഥ് | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 11-11-2020 |
| ഷിബ് ല നർഗീസ് | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 12-11-2020 | 31-03-2021 |
| ബിനുമോൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| അനിൽകുമാർ.എ | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 01-04-2020 | 31-03-2021 |
| ശാന്തകുമാരി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കാറഡുക്ക സർക്കിൾ ) | 01-04-2020 | 31-03-2021 |
| ഭൈരവി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ആദൂർ സർക്കിൾ) | 01-04-2020 | 14-05-2020 |
| ശാന്തകുമാരി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ആദൂർ സർക്കിൾ ചാർജ്) | 15-05-2020 | 19-05-2020 |
| കൃഷ്ണ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ആദൂർ സർക്കിൾ) | 20-05-2020 | 19-08-2020 |
| ശാന്തകുമാരി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ആദൂർ സർക്കിൾ ചാർജ്) | 20-08-2020 | 10-09-2020 |
| സീനിയ.പി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ആദൂർ സർക്കിൾ) | 11-09-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayananda. H (Audit Officer, On 28-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.<br>Written By: Jayananda. H (Audit Officer, On 31-12-2021)<br>Last Updated By: Jayananda. H (Audit Officer, On 31-12-2021) | 1-2 |
| 3 | സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 31-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-01-2022) | 1-2-1 |
| 4 | അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നില്ല<br>Written By: Jayananda. H (Audit Officer, On 31-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-01-2022) | 1-2-2 |
| 5 | പാസ് ബുക്കിൽ കാലികമായ രേഖപ്പെടുത്തലുകൾ ഇല്ല<br>Written By: Jayananda. H (Audit Officer, On 31-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-01-2022) | 1-2-3 |
| 6 | താഴെ പറയുന്ന ബാങ്ക് പാസ് ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 31-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-01-2022) | 1-2-4 |
| 7 | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.<br>Written By: Jayananda. H (Audit Officer, On 31-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-01-2022) | 1-2-5 |
| 8 | വസ്തുനികുതി കളക്ഷൻ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Jayananda. H (Audit Officer, On 03-01-2022)<br>Last Updated By: T.N.Ajithan (Deputy Director, On 20-01-2022) | 1-2-6 |
| 9 | എൻ.ആർ.ഇ.ജി.എസ്. ചെലവ് കണക്ക് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Jayananda. H (Audit Officer, On 03-01-2022)<br>Last Updated By: T.N.Ajithan (Deputy Director, On 20-01-2022) | 1-2-7 |
| 10 | സാമ്പത്തിക വിശകലനം<br>Written By: Jayananda. H (Audit Officer, On 28-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-01-2022) | 1-3 |
| 11 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം.<br>Written By: Jayananda. H (Audit Officer, On 23-12-2021)<br>Last Updated By: Jayananda. H (Audit Officer, On 22-01-2022) | 1-4 |
| 12 | പദ്ധതി അവലോകനം<br>Written By: Jayananda. H (Audit Officer, On 26-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-01-2022) | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി<br>Written By: Babu M (Senior Grade Auditor, On 26-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-01-2022) | 1-6 |

| | | |
|---|---|---|
| 14 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Janardanan C (Senior Grade Auditor, On 28-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-01-2022) | 1-7 |
| 15 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Janardanan C (Senior Grade Auditor, On 26-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-01-2022) | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം<br>Written By: Jayananda. H (Audit Officer, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-01-2022) | 1-9 |
| 17 | മറ്റ ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Jayananda. H (Audit Officer, On 29-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-01-2022) | 1-10 |
| 18 | രശീതികൾ ക്യാൻസൽ ചെയ്യുമ്പോൾ കാരണം രേഖപ്പെടുത്തുന്നില്ല<br>Written By: Janardanan C (Senior Grade Auditor, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-01-2022) | 1-11 |
| 19 | വാടക കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്<br>Written By: Janardanan C (Senior Grade Auditor, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-01-2022) | 1-12 |
| 20 | തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 30-12-2021)<br>Last Updated By: Janardanan C (Senior Grade Auditor, On 30-12-2021) | 1-13 |
| 21 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല.<br>Written By: Janardanan C (Senior Grade Auditor, On 30-12-2021)<br>Last Updated By: Janardanan C (Senior Grade Auditor, On 30-12-2021) | 1-14 |
| 22 | പഞ്ചായത്ത പരിധിയിലെ റേഷൻ കടകൾ FTE&OS ലൈസൻസ് എടുക്കുന്നില്ല<br>Written By: Janardanan C (Senior Grade Auditor, On 30-12-2021)<br>Last Updated By: Janardanan C (Senior Grade Auditor, On 30-12-2021) | 1-15 |
| 23 | തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Janardanan C (Senior Grade Auditor, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-01-2022) | 1-16 |
| 24 | ലൈസൻസ് - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 30-12-2021)<br>Last Updated By: Janardanan C (Senior Grade Auditor, On 30-12-2021) | 1-17 |
| 25 | മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല<br>Written By: Janardanan C (Senior Grade Auditor, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-01-2022) | 1-18 |
| 26 | ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകി<br>Written By: Janardanan C (Senior Grade Auditor, On 31-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-01-2022) | 1-19 |
| 27 | വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br>Written By: Babu M (Senior Grade Auditor, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-01-2022) | 1-20 |
| 28 | ഹെഡ്മാസ്റ്ററുടെ പദ്ധതി നിർവ്വഹണത്തിലെ അപാകത<br>Written By: Babu M (Senior Grade Auditor, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-01-2022) | 1-21 |
| 29 | തെരുവ് വിളക്ക് വാങ്ങൽ പദ്ധതി- നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി | 1-22 |

| | | |
|---|---|---|
| | Written By: Yadavakumara. C.H (Asst. Audit Officer, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-01-2022) | |
| 30 | വന ഭൂമി വിട്ടു നൽകിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-01-2022) | 1-23 |
| 31 | ആർജിത അവധി സറണ്ടർ അനുവദിച്ചത്- അപാകത.<br>Written By: Yadavakumara. C.H (Asst. Audit Officer, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-01-2022) | 1-24 |
| 32 | ഐ.കെ.എം.ന് പഞ്ചായത്ത് വിഹിതം നൽകൽ<br>Written By: Yadavakumara. C.H (Asst. Audit Officer, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-01-2022) | 1-25 |
| 33 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-01-2022) | 1-26 |
| 34 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്തമായി പരിശോധന നടത്തിയിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 21-01-2022) | 1-27 |
| 35 | പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-01-2022) | 1-28 |
| 36 | സൗര തെരുവ് വിളക്ക് വാങ്ങൽ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ<br>Written By: Yadavakumara. C.H (Asst. Audit Officer, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-01-2022) | 1-29 |
| 37 | ക്യാഷ് ബുക്ക് സൂക്ഷിക്കുന്നതിലെ അപാകത<br>Written By: Babu M (Senior Grade Auditor, On 30-12-2021)<br>Last Updated By: Jayananda. H (Audit Officer, On 24-01-2022) | 1-30 |
| 38 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിലെ അപാകതകൾ-അധികച്ചെലവ് അംഗീകരിക്കുന്നില്ല<br>Written By: Gopalakrishna Nayik (Audit Officer, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-01-2022) | 1-31 |
| 39 | സ്രോതസ്സിൽ നിന്നും ആദായ നികുതി- കുറവ് ചെയ്തിട്ടില്ല<br>Written By: Gopalakrishna Nayik (Audit Officer, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-01-2022) | 1-32 |
| 40 | സാന്ത്വന പരിചരണത്തിന് മരുന്നുകൾ ലഭിച്ചിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-01-2022) | 1-33 |
| 41 | പൊതുമരാമത്ത് ഫയലുകൾ ഹാജരാക്കിയിട്ടില്ല<br>Written By: Gopalakrishna Nayik (Audit Officer, On 03-01-2022)<br>Last Updated By: T.N.Ajithan (Deputy Director, On 25-01-2022) | 1-34 |
| 42 | ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-01-2022) | 1-35 |
| 43 | അംഗൻവാടി പോഷകാഹാരം<br>Written By: Yadavakumara. C.H (Asst. Audit Officer, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-01-2022) | 1-36 |
| 44 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു | 1-37 |

| | | |
|---|---|---|
| | ചെയ്യേണ്ട നികുതികൾ കുറവു ചെയ്തതായി കാണുന്നില്ല-<br>Written By: Yadavakumara. C.H (Asst. Audit Officer, On 31-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-01-2022) | |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിലെ അപാകതകൾ-അധികച്ചെലവ് അംഗീകരിക്കുന്നില്ല<br>Written By: Gopalakrishna Nayik (Audit Officer, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-01-2022) | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jayananda. H (Audit Officer, On 23-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-01-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayananda. H (Audit Officer, On 27-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-01-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Jayananda. H (Audit Officer, On 29-12-2021)<br>Last Updated By: Jayananda. H (Audit Officer, On 29-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Jayananda. H (Audit Officer, On 23-12-2021)<br>Last Updated By: Jayananda. H (Audit Officer, On 23-12-2021) | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Jayananda. H (Audit Officer, On 23-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jayananda. H (Audit Officer, On 23-12-2021)<br>Last Updated By: Jayananda. H (Audit Officer, On 23-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jayananda. H (Audit Officer, On 23-12-2021)<br>Last Updated By: Jayananda. H (Audit Officer, On 23-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Jayananda. H (Audit Officer, On 23-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-01-2022) | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jayananda. H (Audit Officer, On 23-12-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 29-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayananda. H (Audit Officer, On 23-12-2021)<br>Last Updated By: Jayananda. H (Audit Officer, On 24-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jayananda. H (Audit Officer, On 23-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-01-2022) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 1(1) തീയതി 31-03-2020 | 1(1) തീയതി 17-02-2021 |
| മുന്നിരിപ്പ് | 38,85,151 | 92,78,669 |
| വരവ് | 14,49,07,580 | 22,05,37,558 |
| ആകെ | 14,87,92,731 | 22,98,16,227 |
| ചെലവ് | 14,78,96,610 | 22,21,37,415 |
| നീക്കിയിരിപ്പ് | 8,96,121 | 76,78,812 |

## 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.

കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

### 1-2-2 അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നില്ല

എ) ഡെപ്പോസിറ്റ് രജിസ്റ്റർ

1) ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇ.എം.ഡി. തുകകൾ രേഖപ്പെടുത്തുമ്പോൾ റസീറ്റ് വൗച്ചർ നമ്പർ, ഡെപ്പോസിറ്ററുടെ പേര്, ആവശ്യം, റീഫണ്ട് തിയതി, പേയ്മെന്റ് വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല.

2) ഡെപ്പോസിറ്റ് രജിസ്റ്ററിൽ റീറ്റെൻഷൻ തുകകൾ രേഖപ്പെടുത്തുമ്പോൾ റസീറ്റ് വൗച്ചർ നമ്പർ, ഡെപ്പോസിറ്ററുടെ പേര്, ആവശ്യം, റീഫണ്ട് തിയതി, പേയ്മെന്റ് വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല.

3) ഡെപ്പോസിറ്റ് രജിസ്റ്ററിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകകൾ രേഖപ്പെടുത്തുമ്പോൾ റസീറ്റ് വൗച്ചർ നമ്പർ, ഡെപ്പോസിറ്ററുടെ പേര്, ആവശ്യം, റീഫണ്ട് തിയതി, പേമെന്റ് വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല.

ബി) അഡ്വാൻസ് രജിസ്റ്റർ

അഡ്വാൻസ് രജിസ്റ്ററിൽ അഡ്വാൻസ് തുകകളുടെ പേയ്മെന്റ് വൗച്ചർ നമ്പർ എഴുതുന്നില്ല. അതു പോലെത്തന്നെ അഡ്വാൻസ് തിരിച്ചടവുകൾ രേഖപ്പെടുത്തുമ്പോൾ രശീതി വൗച്ചറുകളുടെ നമ്പരുകളും

രേഖപ്പെടുത്തുന്നില്ല.

### 1-2-3 പാസ് ബുക്കിൽ കാലികമായ രേഖപ്പെടുത്തലുകൾ ഇല്ല

450250201- ട്രഷറി അക്കൗണ്ടിൽ, (കോവിഡ്) ബാങ്ക് ബുക്ക് പ്രകാരം 31.03.2021 ന് 1,18,400/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ അക്കൗണ്ടിന്റെ പാസ് ബുക്കിൽ 23/12/2020 മാത്രമേ രേഖപ്പെടുത്തലുകൾ ഉള്ളൂ. അത് കൊണ്ട് ഈ അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ പരിശോധിക്കാൻ കഴിഞ്ഞില്ല.

### 1-2-4 താഴെ പറയുന്ന ബാങ്ക് പാസ് ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1) ട്രഷറി (TSB) അക്കൗണ്ട് 021

### 1-2-5 റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ, ബാങ്ക് ബുക്കുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

### 1-2-6 വസ്തുനികുതി കളക്ഷൻ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഡി.സി.ബി രജിസ്റ്റർ, കുടിശ്ശിക രജിസ്റ്റർ എന്നിവ സഞ്ചയയിൽ നിന്നും പ്രിന്റെടുത്ത് സൂക്ഷിക്കുന്നില്ല. ഓഡിറ്റിന് ലഭ്യമാക്കിയ സഞ്ചയ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തുനികുതി കളക്ഷൻ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഡി.സി.ബി. സ്റ്റേറ്റ്മെന്റ് | 26,67,475 |
| വാർഷിക കണക്ക് | 25,40,610 |
| വ്യത്യാസം | 1,26,865 |

### 1-2-7 എൻ.ആർ.ഇ.ജി.എസ്. ചെലവ് കണക്ക് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

എൻ.ആർ.ഇ.ജി.എസ്. ഇനത്തിലെ ചെലവ് തുക രജിസ്റ്റർ പ്രകാരവും വാർഷിക കണക്ക് പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു.

| എൻ.ആർ.ഇ.ജി.എസ് | രജിസ്റ്റർ പ്രകാരം | വാർഷിക കണക്കുകൾ പ്രകാരം | വ്യത്യാസം |
|---|---|---|---|
| ഭരണ ചെലവ് | 14,51,728.21 | 14,80,787 | 29,058.79 |

### 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| | |
|---|---|
| വർഷം | 2020-21 |
| മുന്നിരിപ്പ് | 1,94,21,610 |
| വരവ് | 7,02,28,996 |
| ആകെ | 8,96,50,606 |
| ചെലവ് | 6,57,58,559 |

| | |
|---|---|
| നീക്കിയിരിപ്പ് | 2,38,92,047 |

1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം.

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2020-21)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 1,29,24,000 | 1,29,24,000 | 1,27,46,953 | 1,77,047 | 98.63 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 47,00,000 | 47,00,000 | 40,55,564 | 6,44,436 | 86.28 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 22,97,000 | 22,97,000 | 22,16,603 | 80,397 | 96.49 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 86,52,000 | 86,52,000 | 40,59,194 | 45,92,806 | 46.91 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 43,18,872 | 43,18,872 | 35,94,511 | 7,24,361 | 83.22 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 95,01,113 | 95,01,113 | 52,39,975 | 42,61,138 | 55.15 |

(വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹ 26,26,729/- (ജനറൽ) ,₹102549/- (എസ്.സി.പി.) ₹3,22,353/- (ടി.എസ്.പി.) എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.)

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,01,20,224 | 1,01,20,224 | 1,01,20,224 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 39,53,015 | 39,53,015 | 39,53,015 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 18,94,250 | 18,94,250 | 18,94,250 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 40,59,194 | 40,59,194 | 40,59,194 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 35,94,511 | 35,94,511 | 35,94,511 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 52,39,975 | 52,39,975 | 52,39,975 | 0 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 0 | 2,40,000 | 2,40,000 | 2,40,000 | 0 |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | 0 | 5,51,000 | 5,51,000 | 5,51,000 | 0 |
| ടി.എസ്.ബി. ജനറൽ പർപ്പസ് അക്കൗണ്ട് * | 51,77,522 | 98,66,086 | 1,50,43,608 | 1,45,12,235 | 5,31,373 |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | 0 | 22,06,166 | 22,06,166 | 15,51,166 | 6,55,000 |

| | | | | | |
|---|---|---|---|---|---|
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത്) | 0 | 10,62,711 | 10,62,711 | 5,65,732 | 4,96,979 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| തൊഴിലുറപ്പ് പദ്ധതി | 0 | 14,94,650 | 14,94,650 | 14,80,787 | 13,863 |
| ഐ.സി.ഡി.എസ്. കേന്ദ്ര വിഹിതം | 1,02,957 | 20,27,366 | 21,30,323 | 14,00,000 | 7,30,323 |
| സമ്പൂർണ്ണ ശുചിത്വ പദ്ധതി | 34,51,633 | 17,66,330 | 52,17,963 | 9,84,000 | 42,33,963 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| സാക്ഷരത | 1,04,060 | 0 | 1,04,060 | 0 | 1,04,060 |
| കേരളോത്സവം | 30,560 | 0 | 30,560 | 0 | 30,560 |
| ജല നിധി | 0 | 5,43,615 | 5,43,615 | 5,43,615 | 0 |
| മറ്റുള്ളവ | 1,42,895 | 46,30,000 | 47,72,895 | 11,00,000 | 36,72,895 |

കുറിപ്പ് : 1) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ തൻ വർഷം 98,66,086/- രൂപയാണ് വരവ് . പ്രസ്തുത അക്കൗണ്ടിൽ തനത് ഫണ്ട് വരവിനങ്ങളും, മറ്റ് പലവിധ വരവ് ഇനങ്ങളും ഉൾപ്പെടുന്നതിനാൽ , പ്രസ്തുത ടി.എസ്.ബി അക്കൗണ്ടിലെ മൊത്തം വരവ് ചെലവുകൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2020-21 വർഷം 5,49,54,871/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2020-21 വർഷം 4,19,27,700/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ (DBT) ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 194 | 8,85,22,888 | 126 | 4,99,76,907 | 0 | 68 | 64.94 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമനം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2020-21വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |

| | | | | | | |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 20 | 47,94,511 | 14 | 41,17,075 | 85.87 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 78 | 2,39,25,876 | 46 | 1,20,02,883 | 50.16 |
| 3 | കൃഷി ഓഫീസർ | 13 | 47,55,970 | 11 | 31,96,470 | 67.20 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-(1) | 32 | 3,81,74,139 | 24 | 2,09,73,989 | 54.94 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 62,01,075 | 5 | 42,50,461 | 68.54 |
| 6 | വെറ്റനറി സർജ്ജൻ | 8 | 14,98,600 | 5 | 4,34,789 | 29.01 |
| 7 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 3 | 14,71,400 | 3 | 11,17,703 | 75.96 |
| 8 | പ്രധാനാധ്യാപകൻ | 9 | 20,53,840 | 4 | 6,57,580 | 32.01 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 12 | 25,03,500 | 9 | 14,42,980 | 57.63 |
| 10 | മെഡിക്കൽ ഓഫീസർ-ആയുർവേദ | 3 | 7,00,000 | 3 | 7,00,000 | 100 |
| 11 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2,61,000 | 0 | 0 | 0 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 21,82,977 | 2 | 10,82,977 | 49.61 |
| | ആകെ | 194 | 8,85,22,888 | 126 | 4,99,76,907 | 56.45 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 0 | 14,94,650 | 14,94,650 | 14,80,787 | 13,863 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 5,49,54,871 | 5,49,54,871 | 5,49,54,871 | 0 |
| ആകെ | 0 | 5,64,49,521 | 5,64,49,521 | 5,64,35,658 | 13,863 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2020-21 വർഷം 1738 ( തൊഴിൽ ദിനങ്ങൾ) പദ്ധതികളുൾപ്പെടുന്ന 30,47,49,750 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 5,49,53,871 രൂപയുടെ 342 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 1,20,327 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 552 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |

| | | |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 23,11,400 | 168 |
| വിധവാപെൻഷൻ | 1,56,49,400 | 1052 |
| വാർദ്ധക്യ കാല പെൻഷൻ | 1,77,09,200 | 1388 |
| വികലാംഗ പെൻഷൻ | 57,36,600 | 404 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 5,21,100 | 37 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 2,40,000 | 8 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-12-2021 തീയ്യതിയിൽ 3.00 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 6,131 /- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർത്ത പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 3 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |
| 8 | പാർട്ട് ടൈം സ്വീപ്പർ | 3 |
| 9 | പാർട്ട് ടൈം പൗണ്ട് കീപ്പർ | 1 |

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നില്ല. സൂചിക സോഫ്റ്റ് വെയറിലെ വിവരങ്ങൾ അടങ്ങിയ പ്രിന്റ് ഫയലിൽ സൂക്ഷിക്കുന്നില്ലാത്തതിനാൽ ഫയലുകളുടെ മേൽ പരിശോധനാ വിവരം മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും

സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്. ഹാജർ പട്ടിക കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൌണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽ വരുത്തുകയും ചെയ്തുവരുന്നുണ്ട്. സാംഖ്യ രസീതികൾക്കും റസീറ്റ് ബുക്കുകൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അവയുടെ സ്റ്റോക്ക് കൃത്യമാണ്.

ഗ്രാമ പഞ്ചായത്തിന്റെ ദൈനം ദിന പ്രവർത്തനത്തിനായി പത്തോളം വെബ്സൈറ്റുകളും സ്ഥാപന സോഫ്റ്റ്‌വെയറും ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ചു നൽകുമ്പോൾ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നീ പരാമർങ്ങളൊന്നും ഇല്ല. ഈ അപാകതൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 22 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 11 തവണയും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 തവണയും ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2020-2021 സാമ്പത്തിക വർഷം 6 തവണ ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്. എന്നാൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കൗണ്ടർസൈൻ ചെയ്യുകയോ മിനിറ്റ്സ് ബുക്ക് ക്ലോസ്സ് ചെയ്യുകയോ ചെയ്തിട്ടില്ല. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരു തവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. മാസാന്ത്യ / വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടില്ല. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാല താമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്. ക്ലാർക്കുമാർ സ്വീകരിക്കുന്ന പിരിവു തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിൽ 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് 2020-21 ൽ രണ്ട് തവണ യോഗ ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09-08-2021 മുതൽ 10-08-2021 വരെ | 01/2021 മുതൽ 08/2021 വരെ | 13-08-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07-11-2018 മുതൽ 22-11-2018 വരെ | 2013-14 മുതൽ 2017-18 വരെ | 23-01-2019 |

## 1-11 രശീതികൾ ക്യാൻസൽ ചെയ്യുമ്പോൾ കാരണം രേഖപ്പെടുത്തുന്നില്ല

രശീതികൾ ക്യാൻസൽ ചെയ്യേണ്ടി വരുന്ന സന്ദർഭത്തിൽ , എന്ത് കാരണം കൊണ്ടാണ് ക്യാൻസൽ ചെയ്യുന്നതെന്ന രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഏതാനം ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രശീതി നമ്പർ | തുക |
|---|---|---|
| 1. | 8821/11 | -- |
| 2. | 8826/8 | 681/- |
| 3. | 8826/48 | 48/- |
| 4. | 8827/19 | -- |
| 5. | 8820/63 | -- |

## 1-12 വാടക കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്

കാറഡുക്ക ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ 93,499/- രൂപ കുടിശ്ശികയുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ പേര് | റൂം നം. | പ്രതിമാസ വാടക | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|---|---|---|
| 1. | അബ്ദുൾ അഷ്രഫ് കെ എ | 11/4 | 2,618 | 26,180 | -- | 26,180 |
| 2. | അബ്ദുൾ അഷ്രഫ് കെ എ | 11/5 | 2,331 | 23,310 | 11,655 | 11,655 |
| 3. | മുഹമ്മദ് നാസിഫ്<br>മുഹമ്മദ് നൗഷാദ് | 11/8 | 6,958 | 69,580 | 13,916 | 55,664 |
| | | | ആകെ | | | 93,499 |

കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള ഊർജിത നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.13/2020-21 തീയതി 30-12-2021.)

## 1-13 തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളുടെ തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു സ്ഥാപന രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചില്ല.

1-14 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല.

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നും കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്കു വരുത്തിയ തുകയിൽ നിന്നും മേൽ പ്രകാരം തുക മുതൽ കൂട്ടിയിട്ടില്ല. കളക്ഷൻ ചാർജ്ജ് ഈടാക്കാത്തത് കാരണം പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

1-15 പഞ്ചായത്തു പരിധിയിലെ റേഷൻ കടകൾ FTE&OS ലൈസൻസ് എടുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 232 പ്രകാരം പഞ്ചായത്തു പരിധിയിലുള്ള ഒരു സ്ഥലവും സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ യാതൊരാവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല.1996 ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ , ചട്ടം 3, പട്ടിക 1(ക്രമ നം 149) പ്രകാരം റേഷൻ കടകൾ FTE & OS ലൈസൻസ് എടുത്ത ശേഷം മാത്രമേ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കാൻ പാടുള്ളൂ. എന്നാൽ കുമ്പഡാജെ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 5 റേഷൻ കടകൾ നാളിതു വരെയായി ലൈസൻസ് എടുത്തിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന 5 റേഷൻ കടകളിൽ നിന്നും 2020-21 ലെ രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയില്ല. റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 ലൈസൻസ് - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റിക്കൺസൈൽ ചെയ്യേണ്ടതുമാണ്. ആയത് പാലിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 2020-21 വർഷത്തിൽ 355 ലൈസൻസ് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-18 മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല

നിർവ്വഹണോദ്യോഗസ്ഥൻ – കൃഷി ഓഫീസർ

2020-21 സാമ്പത്തിക വർഷത്തിൽ, തെങ്ങു കൃഷിക്ക് ജൈവവളം (പ്രോജക്ട് നം.0022/21), സമഗ്ര കവുങ്ങ് കൃഷി വികസനം (പ്രോജക്ട് നം.0028/21), നെൽകൃഷിക്ക് കൂലി ചെലവ് (പ്രോജക്ട് നം.0030/21), നെൽകൃഷിക്ക് വിത്തുവിതരണം (പ്രോജക്ട് നം.0033/21), പച്ചക്കറി കൃഷി വനിതകൾക്ക് (പ്രോജക്ട് നം.0035/21), വാഴകൃഷി വികസനം (പ്രോജക്ട് നം.37/21), നെൽകൃഷിക്കി കൂലിചെലവ് (പ്രോജക്ട് നം.0162/21), തെങ്ങുകൃഷി വികസനം (പ്രോജക്ട് നം.0170/21), സുഭിക്ഷകേരളം-ഫലവൃക്ഷതൈ വിതരണം(പ്രോജക്ട് നം.0223/21), കിണർ റീചാർജ്(പ്രോജക്ട് നം.0230/21), കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ ഇൻവർട്ടർ സ്ഥാപിക്കൽ എന്നിങ്ങനെ 11 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നിർവഹണം നടത്തിയ പ്രസ്തുത പദ്ധതികളിൽ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിൽ നിന്നുള്ള പ്രോജക്ടുകൾ മോണിറ്ററിംഗ് നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-19 ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകി

/2020-21 വർഷം ഡെത്ത് രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതായി കാണുകയുണ്ടായി. 2020-21 ലെ അപേക്ഷാ രജിസ്റ്ററിലെ വിവരങ്ങൾ അടിസ്ഥാനമാക്കി കണ്ടെത്തിയ വിവരങ്ങൾ 2020-21 വർഷത്തിൽ സമർപ്പിച്ച അപേക്ഷയിൽ ആധാർ രേഖകൾ ലഭ്യമല്ലാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. സ.ഉ (എം.എസ്.) 483/17/ധന/06-11-17 ഖ XV പ്രകാരം പെൻഷൻ വാങ്ങുന്നവർ എല്ലാവർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം ജീവൻരേഖ സോഫ്റ്റ് വെയറിൽ മസ്റ്ററിങ്ങ് നടത്തേണ്ടതാണെന്നും അല്ലാത്തവർക്ക് അടുത്ത ഗഡു മുതൽ പെൻഷൻ അനുവദിക്കുന്നതല്ല എന്നതുമാണ് സർക്കാർ നിർദ്ദേശം. മേൽ നിർദ്ദേശം പാലിക്കാതെ മരണപ്പെട്ട ഗുണഭോക്താക്കൾക്ക് ചുവടെ ചേർത്ത പ്രകാരം തുടർന്നും പെൻഷൻ തുക നല്കിയിട്ടുണ്ട്.

| ക്രമ നം. | പേര് | ആധാർ നം. | പെൻഷണർ ഐ.ഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|---|
| 1. | നാരായണ | 407248 998392 | 111890 200716 | 20-05-2020 | 6/2020,7/ 20, 8/20 | 1300x3=3900 |
| | | | | | 9/20,10/20,11/20,12/20 | 1400x4=5600 |
| | | | | | 1/2021, 2/2021,3/2021, | 1500x3=4500 |
| | | | | | 4/2021, 5/21, 6/21, 7/21, 8/21, 9/21, 10/21, 11/21, 12/21 | 1600x9=14400 |
| 2. | മുഹമ്മദ് | 323958 848706 | 111890 200999 | 24-10-2020 | 11/2020, 12/2020 | 1400x2=2800 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 1/2021,2/ 21, 3/21, | 1500x3=4500 |
| | | | | | 4/21, 5/ 21, 6 /21 , 7/21, 8/21, 9/21,10/21, | 1600x7=11200 |
| 3. | കുഞ്ഞിരാമൻ | 757849 324589 | 111890 201146 | 21-01-2021 | 2/2021, 3/2021 | 1500x2=3000 |
| | | | | | 4/2021, 5/21, 6/21 ,7/21, 8/21, | 1600x5=8000 |
| 4. | അമ്മിണി | 312158 458316 | 111890 201590 | 23-12-2020 | 1/2021,2/2021, 3/2021 | 1500x3=4500 |
| | | | | | 4/2021,5/21, 6/21, 7/21, 8/21 | 1600x5=8000 |
| 5. | അച്യുത മണിയാണി | 87986 5766137 | 111890 400072 | 21-02-2021 | 3/2021 | 1500x1=1500 |
| | | | | | 4/2021, 5/2021, 6/2021 | 1600x3=4800 |
| 6. | നാഗവേണി | 781817 678183 | 111890 600428 | 09-02-2021 | 3/2021 | 1500x1=1500 |
| | | | | | 4/2021,5/21, 6/21, 7/21, 8/21 | 1600x5=8000 |
| 7. | പാർവ്വതി അമ്മ | 483591 203073 | 111890100196 | 21-01-2021 | 2/2021 | 1500x1=1500 |
| 8. | കുമാരൻ | 741878 130996 | 111890400090 | 09-12-2020 | 1/2021, 2/21, 3/21, | 1500x3=4500 |
| | | | | | 4/2021, 5/21, 6/21, 7/21, 8/21 | 1600x5=8000 |
| 9. | ഇബ്രാഹിം | 758992 437916 | 111890 400142 | 11-12-2020 | 1/2021, 2/21,3/21 | 1500x3=4500 |
| | | | | | 4/2021, 5/21, 6/21,7 /21,8/21 | 1600x5=8000 |
| 10. | ഇബ്രാഹിം | 909256 938254 | 111890201284 | 12-11-2020 | 12/2020 | 1400x1=1400 |
| | | | | | 1/2021, 2/21,3/21 | 1500x3=4500 |
| | | | | | 4/2021,5/21, 6/21, 7/21, 8/21 | 1600x5=8000 |
| 11. | കമല | 8612767 43190 | 111890 500034 | 03-11-2020 | 12/2020 | 1400x1=1400 |
| | | | | | 1/21, 2/21, 3/21, | 1500x3=4500 |
| | | | | | 4/21, 5/21, 6/21 | 1600x3=4800 |
| 12. | വി സുബ്ബപാട്ടാളി | 283591 395807 | ലഭ്യമല്ല | 10-07-2020 | 8/2020 | 1300x1=1300 |
| | | | | | 9/20, 10/20, 11/20,12/20 | 1400x4=5600 |
| | | | | | 1/21 , 2/21, 3/21, | 1500x3=4500 |
| | | | | | 4/21, 5/21, 6/21, 7/21, 8/21, 9/21, 10/21, 11/21 | 1600x8=12800 |
| 13. | ലക്ഷ്മി അമ്മ | 610897 033829 | ലഭ്യമല്ല | 21-6-2020 | 7/2020 , 8/20 | 1300x2=2600 |
| | | | | | 9/2020, 10/20, 11/20, 12/20 | 1400x4=5600 |
| | | | | | 1/2021, 2/21, 3/21 | 1500x3=4500 |
| | | | | | 4/2021, 5/21, 6/21, 7/21, 8/21, 9/21, 10/21 | 1600x7=11200 |

| | | | | | | |
|---|---|---|---|---|---|---|
| 14. | നാരായണൻ എം പി | 3369669 21224 | ലഭ്യമല്ല | 05-06-2020 | 7/2020, 8/20 | 1300x2=2600 |
| | | | | | 9/2020 | 1400x1=1400 |
| 15. | ആസ്യ | 297952 823467 | ലഭ്യമല്ല | 29-05-2020 | 6/2020, 7/20, 8/20 | 1300x3=3900 |
| | | | | | 9/2020,10/20,11/20, 12/20 | 1400x4=5600 |
| | | | | | 1/2021, 2/21,3/21 | 1500x3=4500 |
| | | | | | 4/2021, 5/21, 6/21,7/21, 8/21, 9/21,10/21, 11/21 | 1600x8=12800 |
| 16. | ബൈര | 544590 812487 | ലഭ്യമല്ല | 28-05-2020 | 6/2020, 7/20, 8/20 | 1300x3=3900 |
| | | | | | 9/2020, 10/20, 11/20,12/20 | 1400x4=5600 |
| | | | | | 1/2021, 2/21, 3/21 | 1500x3=4500 |
| | | | | | 4/2021, 5/21,6/21, 7/21, 8/21, 9/21, 10/21, 11/21, | 1600x8=12800 |
| 17. | യൂസഫ് | 278739 279324 | ലഭ്യമല്ല | 30-03-2020 | 4/2020 | 1220x1=1220 |
| | | | | | 5/2020 , 6/20, 7/20, 8/20 | 1300x4=5200 |
| | | | | | 9/20, 10/20, 11/20, 12/20 | 1400x4=5600 |
| | | | | | 1/21, 2/21, 3/21 | 1500x3=4500 |
| | | | | | 4/2021, 5/21, 6/21, 7/21, 8/21, 9/21, 10/21, 11/21 | 1600x8=12800 |
| 18. | കമല | 722273 346517 | ലഭ്യമല്ല | 30-4-2020 | 5/2020, 6/20, 7/20, 8/20 | 1300x4 =5200 |
| | | | | | 9/2020, 10/20, 11/20,12/20 | 1400x4 =5600 |
| | | | | | 1/2021, 2/21, 3/21 | 1500x3=4500 |
| | | | | | 4/2021, 5/21, 6/21, 7/21, 8/21, 9/21, 10/21, 11/21 | 1600x8=12800 |
| 19. | ബാബു നായിക്ക | 568088 687091 | ലഭ്യമല്ല | 09-07-2020 | 8/2020 | 1300x1=1300 |
| | | | | | 9/2020, 10/20, 11/20, 12/20 | 1400x4=5600 |
| | | | | | 1/2021, 2/21 | 1500x2=3000 |
| 20. | നാരായണ പൂജാരി | 225736 322941 | 111890200654 | 27-09-2020 | 10/2020, 11/20, 12/20 | 1400x3=4200 |
| | | | | | 1/2021, 2/21, 3/21 | 1500x3=4500 |
| | | | | | 4/2021, 5/21, 6/21, | |
| | | | | | 5/2021, 6/21, 7/21, 8/21,9/21 | 1600x5=8000 |
| 21. | കൃഷ്ണൻ | 852482 582789 | 111890201212 | 25-09-2020 | 10/2020, 11/20, 12/20 | 1400x3=4200 |
| | | | | | 1/2021, 2/21, 3/21, | 1500x3=4500 |
| | | | | | 4/2021, 5/21, 6/21, 7/21, 8/21, 9/21, 10/21, 11/21 | 1600x8=12800 |
| 22. | ലക്ഷ്മി | 679218 713200 | 111890600746 | 24-10-2020 | 11/2020, 12/20 | 1400x2=2800 |
| | | | | | 1/2021, 2/21, 3/21, | 1500x3=4500 |
| | | | | | 4/2021, 5/21, 6/21, 7/21, | 1600x7=11200 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 8/21, 9/21, 10/21 | |
| 23. | ബാലകൃഷ്ണൻ കെ | 269107 462012 | 111890201792 | 25-09-2020 | 10/2020, 11/20, 12/20 | 1400x3=4200 |
| | | | | | 1/2021, 2/21, 3/21 | 1500x3=4500 |
| | | | | | 4/2021 | 1600x1=1600 |
| 24. | കൊറഗ പാട്ടാളി | 753009 567080 | 111890100244 | 19-09-2020 | 10/2020, 11/20, 12/20 | 1400x3=4200 |
| | | | | | 1/2021, 2/21, 3/21 | 1500x3=4500 |
| | | | | | 4/2021, 5/21, 6/21, 7/21, 8/21, 9/21, 10/21, 11/21 | 1600x8=12800 |
| 25. | കെ ബി ആയിഷ | 806316 065205 | ലഭ്യമല്ല | 16-08-2020 | 9/2020,10/20, 11/20, 12/20 | 1400x4=5600 |
| | | | | | 1/2021, 2/21, 3/21 | 1500x3=4500 |
| | | | | | 4/2021, 5/21, 6/21, 7/21, 8/21, 9/21, 10/21,11/21 | 1600x8=12800 |
| 26. | അക്ക | 2464710 68188 | ലഭ്യമല്ല | 07-05-2020 | 6/2020, 7/20, 8/20, 9/20,10/20, 11/20, 12/20 | 1400x7= 9800 1500x3=4500 |
| | | | | | 1/2021, 2/21, 3/21 | |
| ആകെ | | | | | 4,36,020 | |

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ നൽകിയ തുകയായ 4,36,020,/- രൂപ തിരികെ ഈടാക്കി ഡി.ബി.ടി. സെല്ലിലേക്ക് തിരിച്ചടച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.5/20-21 ന് മറുപടി നൽകിയിട്ടില്ല.

1-20 വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ

സാക്ഷരതാ മിഷൻ തുല്യതാ പരീക്ഷ ഹയർ സെക്കണ്ടറി കന്നഡ മാധ്യമം അച്ചടി വിഹിതം നല്കൽ എന്ന പ്രൊജക്ട് നടപ്പിലാക്കുന്നതിനായി 50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

അടങ്കൽ തുക - 50,000 രൂപ

ചെലവ് തുക - 50,000 രൂപ

| ക്രമ നമ്പർ | ചെക്ക് നമ്പർ | തുക | അക്കൗണ്ട് നമ്പർ | പ്രൊജക്ട് നമ്പർ | ഫണ്ട് |
|---|---|---|---|---|---|
| 1 | 2757266 തി.31.03.2021 | 50,000 | 02880100113107 | 0029/ 2020-21 | തനതു ഫണ്ട് |

ജില്ലാ സാക്ഷരതാ മിഷന്റെ മേൽ അക്കൗണ്ടിലേക്ക് 50,000/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്, എന്നാൽ തുക മേൽ ലക്ഷ്യത്തിനു വേണ്ടി തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത് എന്ന വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല. അതിനാൽ ചെലവ് തുകയായ 50,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 03/2021 തിയ്യതി 23.12.2021 )

1-21 ഹെഡ്മാസ്റ്ററുടെ പദ്ധതി നിർവ്വഹണത്തിലെ അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

സ്കൂളുകളിൽ പത്ര വിതരണം എന്ന പ്രൊജക്ട് നടപ്പിലാക്കുന്നതിനായി 8080/- രൂപ ചെലവഴിച്ചിട്ടുണ്ട്. 10 സ്കൂളുകളിൽ പത്രം വിതരണം നടത്തിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പത്രം കൈപ്പറ്റിയതിന്റെ സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ സാക്ഷ്യപത്രം പരിശോധനയക്ക് ലഭ്യമാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

അടങ്കൽ തുക - 23,840/- രൂപ

ചെലവ് തുക - 8,080/- രൂപ

| ക്രമ നമ്പർ | ബിൽ നമ്പർ | തുക | തുക പിൻവലിച്ച തിയ്യതി | പ്രൊജക്റ്റ് നമ്പർ | ഫണ്ട് |
|---|---|---|---|---|---|
| 1 | 2/2020-21 | 8080 രൂപ | 23.02.2021 | 0200/21 | വികസന ഫണ്ട് (ജനറൽ ) |

സ്കൂളുകളിൽ പത്രം കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ , ചെലവ് തുകയായ 8080/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 02/2021 തിയ്യതി 23.12.2021 )

1-22 തെരുവ് വിളക്ക് വാങ്ങൽ പദ്ധതി- നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി

| | |
|---|---|
| പ്രോജക്ട് നം. | S 0218/21 തെരുവ് വിളക്ക് വാങ്ങൽ പദ്ധതി- പട്ടികജാതി. |
| പ്രോജക്ടിന്റെ പേര് | കേടായ തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 3,52,800/- രൂപ<br>(വികസന ഫണ്ട് 92,395/- ധനകാര്യ കമ്മിഷൻ 2,59,799 /-തനത് ഫണ്ട് 606) |
| ചെലവ് തുക | 92,395/-രൂപ ( വികസന ഫണ്ട് ) ബിൽ നം 23/ തീയതി 16.01.2021<br>2,56,751/- (ധനകാര്യ കമ്മിഷൻ)ബിൽ നം നമ്പർ 287/തീയതി 17.03.2021 |

പ്രോജക്ട് പ്രകാരം തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. കേടായ 24 വോൾട്ട് 126 എൽ.ഇ.ഡി. തെരുവു വിളക്കുകളാണ് വിവിധ വാർഡുകളിൽ മാറ്റി സ്ഥാപിക്കുന്നത്. കേടായ തെരുവു വിളക്കുകൾ ക്രൂസിൽ നിന്നും വാങ്ങി മാറ്റി സ്ഥാപിക്കുന്നതിന് 16-07-2020 തീയ്യതിയിലെ 10/1 നമ്പർ തീരുമാന പ്രകാരം അനുമതി ലഭിച്ചിരുന്നു. ആയതനുസരിച്ച് ഇൻവോയ്സ് നമ്പർ.KREWS/274/19-20 Dt. 19-03-2020 പ്രകാരം 126 എണ്ണം 24 വോൾട്ട് എൽ.ഇ.ഡി. തെരുവു വിളക്കുകളാണ് വാങ്ങിയത്. പ്രസ്തുത പ്രോജക്ടിന്റെ തുക മാറുന്നതിനായി 30-03-2020 ന് ട്രഷറിയിൽ സമർപ്പിച്ചിരുന്നെങ്കിലും ബിൽ ക്യൂബിൽ ആയതിനാൽ ഈ പ്രോജക്ട് സ്പിൽ ഓവറായി (പ്രോജക്ട് നം. S0211/20) നടത്തിയാണ് തുക കേരള റൂറൽ എംപ്ലോയ് മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് നൽകിയത്.

മുകളിൽ പറഞ്ഞ പദ്ധതി പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകങ്ങൾ താഴെ പറയുന്നു.

1) ഓരോ വാർഡിലേയും തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ (പോസ്റ്റ് നമ്പർ, ഇനം, എണ്ണം Etc.) ഉൾപ്പെടുത്തി തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ പഞ്ചായത്തിൽ ഇനം തിരിച്ചുള്ള വിളക്കുകളുടെ എണ്ണം ലഭ്യമല്ല. സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങളിൽ കൃത്യത വരുത്തി പ്രസ്തുത വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) തെരുവ് വിളക്ക് അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പരാതി രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ പരിപാലിക്കുന്നില്ല. തെരുവ് വിളക്ക് തകരാർ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ സംബന്ധിച്ച് പോസ്റ്റ് നമ്പർ സഹിതമുള്ള വിശദാംശങ്ങളും, അവ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങളും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

3) സർക്കാർ ഉത്തരവ് (എം. എസ്.) 1093/2017 തസ്വഭവ തി. 5.4.2017 പ്രകാരം ആണ് ക്രൂസിൽ നിന്നും എൽ.ഇ.ഡി. വിളക്കുകൾ വാങ്ങാൻ തീരുമാനിച്ചത്. ഈ ഉത്തരവിൽ കേരള ഗ്രാമ ജ്യോതി ലൈറ്റിംഗ് പൂർണ്ണമായി സ്വന്തമായി ഉത്പാദിപ്പിക്കുന്ന ഇലക്ട്രിക്കൽ അനുബന്ധ ഉപകരണങ്ങൾ നേരിട്ട് വാങ്ങുന്നതിനാണ് അനുമതി നൽകിയത്. എന്നാൽ ഇൻവോയ്സിൽ നിന്നും പ്രകാരം ഇവ സ്വന്തമായി നിർമ്മിച്ചതാണോ എന്ന കാര്യം വ്യക്തമാകുന്നില്ല.

4)തെരുവു വിളക്കുകൾ ഏതൊക്കെ പോസ്റ്റിലാണ് സ്ഥാപിച്ചത് എന്ന് വ്യക്തമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് നടത്തിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റി ഇതു സംബന്ധിച്ച് പരിശോധന നടത്തിയിയതിന്റെ മിനുറ്റ്സും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5) പുതുതായി സ്ഥാപിക്കുന്ന തെരുവ് വിളക്കുകൾക്ക് ലഭിക്കേണ്ട വാറന്റി കാലയളവിലെ സേവനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.സ്റ്റോക്ക് /ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിവരം, തെരുവു വിളക്കുകൾ സ്ഥാപിച്ച് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ ചെലവ് തുക 3,49,146/- തടസ്സപ്പെടുത്തുന്നു .(ഓഡിറ്റ് എൻക്വറി നം 04 / 28.12.2021)

1-23 വന ഭ്രമി വിട്ടു നൽകിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്റ്റ് നം.0228/21 പ്രകാരം പൂവടുക്ക-ആട്ടുക്കത്തൊട്ടി റോഡ് വികസനത്തിനായി വന ഭ്രമി വിട്ടു നൽകുന്നതിന് വനം വകുപ്പിന് 2,81,700/- (ബിൽ നമ്പർ 51 /23.06.2020) രൂപയും , പ്രൊജക്റ്റ് നം.0229/21 പ്രകാരം കൊട്ടകുഴി -പട്ടിക ജാതി കോളനി റോഡിന് 2,53,530/- ( ബിൽ നമ്പർ 50 /23.06.2020 ) രൂപയും തനത് ഫണ്ടിൽ നിന്നു നൽകിയിട്ടുണ്ട്. (A/c No.15074613812999) വനം വകുപ്പ്, ഗ്രാമ പഞ്ചായത്തിന് റോഡ് വികസനത്തിനായി വിട്ടു നൽകിയ വസ്തുവിന്റെ വിവരങ്ങളും, ആസ്തി രജിസ്റ്ററിൽ ചേർത്തിരിക്കുന്ന വിവരങ്ങളുടെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാകുന്നതുവരെ 5,35,230/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വറി നം 04 /28.12.2021 )

1-24 ആർജിത അവധി സറണ്ടർ അനുവദിച്ചത്- അപാകത.

05.11.2020 ലെ ജി.ഒ (പി)നം 152/2020/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതു സമ്പന്ധിച്ച് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംബന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 22100189/ 16.06.2021 ചെക്ക് നം.021065/ 16.06.2021 (സെക്രട്ടറി) വൗച്ചർ നം.

22100190/ 16.06.2021 ചെക്ക് നം 021065/ 16.06.2021 ( ജീവനക്കാരുടെ)പ്രകാരം ചുവടെ പരാമർശിക്കുന്ന ജീവനക്കാർക്ക് 3,44,406/- രൂപയും ആർജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും മാറിയിട്ടുണ്ട്.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക. | ആർജിത അവധി സറണ്ടർ ഇനത്തിൽ അനുവദിച്ച തുക. |
|---|---|---|
| 1 | ഗോപാല കെ .സെക്രട്ടറി | 79,698 |
| 2 | അനീഷ് പി.വി .ഹെഡ് ക്ലാർക്ക് | 57,054 |
| 3 | അജിതകുമാരി .ടി.കെ.സീനിയർ ക്ലാർക്ക് | 39,516 |
| 4 | സതീശൻ. എൻ. ക്ലാർക്ക് | 40,489 |
| 5 | ഉഷാ കെ. ക്ലാർക്ക് | 34,521 |
| 6 | ജനാർദ്ദനൻ കെ. ഡൈവർ | 33,633 |
| 7 | അബ്ദുൾ വാഹിദ് എം. അറ്റൻഡന്റ് | 38,517 |
| 8 | അരവിന്ദാക്ഷൻ .പി.ടി.എസ്. | 10,358 |
| 9 | വിശാല്യ. ജി. | 10,358 |

2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംബന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ സറണ്ടർ അനുവദിച്ചിട്ടില്ല.

2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിത അവധി സറണ്ടർ അനുവദിച്ചതിന് വിശദീകരണം ആവശ്യമാണ്. (ഓഡിറ്റ് എൻക്വറി നം 04 /28.12.2021 )

1-25 ഐ.കെ.എം.ന് പഞ്ചായത്ത് വിഹിതം നൽകൽ

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

താഴെക്കൊടുത്തിരിക്കുന്ന തുക ഐ.കെ.എം. നു ള്ള പഞ്ചായത്തിന്റെ വിഹിതമായി കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നം. & പേര് | ബിൽ നം. & തുക | തുക സ്വീകരിച്ച സ്ഥാപനം |
|---|---|---|---|
| 1 | പ്രോ.നം.0002/2021 ഐ.കെ.എം. ന് പഞ്ചായത്ത് വിഹിതം. | 288/ 25.11.2020 80,080/- | ഐ.കെ.എം.തിരുവനന്തപുരം AC/57047023512 |

ഇപ്രകാരം ഐ.കെ.എം ന് കൈമാറിയ തുകയുടെ വിനിയോഗ വിവരം പരിശോധനക്ക് ലഭിച്ചിട്ടില്ല. തുകയുടെ വിനിയോഗ രേഖകൾ പരിശോധനക്ക് ലഭ്യമാകുന്നതുവരെ 80,080/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വറി നം 04 /28.12.2021 )

1-26 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി നാളിതു വരെയും ആരംഭിച്ചിട്ടില്ല. ആയതിനാൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി എത്രയും പെട്ടെന്ന് രൂപീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വറി നം 04 /28.12.2021 ).

1-27 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്തമായി പരിശോധന നടത്തിയിട്ടില്ല.

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 2020-21 ൽ 1,31,852/- രൂപ കെ.എസ്.ഇ.ബി. യിൽ അടച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി യും ഗ്രാമ പഞ്ചായത്തും നാളിതുവരെയായും സംയുക്തമായി പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുൾ എത്ര എണ്ണം ഉണ്ടെന്നും അവയുടെ തരം ഏതൊക്കെ ആണ് എന്നും നിർണ്ണയിച്ചതായി കാണുന്നില്ല. കത്താത തെരുവ് വിളക്കുകൾക്ക് കൂടി വൈദ്യുതി ചാർജ് ഒടുക്കേണ്ടി വരുന്ന അവസ്ഥ ഇത് കാരണം പഞ്ചായത്തിൽ നിലനിൽക്കുന്നു. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിക്കാനുള്ള നടപടികൾ സ്വീകരിക്കാത്തത് വിശദീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിച്ച് ആയത് രജിസ്റ്ററിൽ രേഖപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വറി നം 04 /28.12.2021 ).

1-28 പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

2020-21 വർഷത്തിൽ വെറ്റിനറി സർജൻ 4,34,789/- രൂപയുടെ വിവിധ പദ്ധതികൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ മോണിറ്ററിങ്ങ് നടത്തിയതിന്റെ രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2018-19 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. വ്യക്തിഗത അപേക്ഷകളിൽ ഭരണ സമിതി തീരുമാനങ്ങൾ ,നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

നടപ്പിലാക്കിയ പദ്ധതിയുടെ നം. & പേര്

| ക്രമ നമ്പർ | പദ്ധതി നം & പദ്ധതിയുടെ പേര് | ബിൽ നം & തിയതി | NEFT മുഖാന്തിരം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|

| | | | നൽകിയ തുക | |
|---|---|---|---|---|
| 1 | 0227/21 മിനി ഡയറി ഹോം യൂണിറ്റ് ആധുനികവൽകരണം | 189/10.01.2021 | 75,000 | 3 |
| 3 | 0047/21 സബ്സിഡി നിരക്കിൽ ക്ഷീര കർഷകർക്ക് കാലിത്തിറ്റ വിതരണം | 188/10.01.2021 | 35,420 | 28 |
| | | 199/18.01.2021 | 36,685 | 29 |
| | | 260/24.02.2021 | 19,799 | 27 |
| | | 200.18.01.2021 | 61,985 | 49 |
| 3 | 0023/21 ക്ഷീര കർഷകർക്ക് ധാതു ലവണങ്ങൾ | 161/16.12.2020 | 33,000 | 66 |
| 4 | 0024/21 മൃഗാശുപത്രിക്ക് മരുന്നു വാങ്ങൽ | 557/2.12.2020 | 10,0000 | - |
| 5 | 0057/21 മുട്ടക്കോഴി വിതരണം | 261/24.02.2021 | 72,900 | 243 |

1-29 സൗര തെരുവ് വിളക്ക് വാങ്ങൽ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. & പേര് | S0160/21 പട്ടികജാതി കോളനികളിൽ സൗര തെരുവു വിളക്കുകൾ സ്ഥാപിക്കൽ- പട്ടികജാതി. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 8,10,000/- രൂപ<br>(വികസന ഫണ്ട്-എസ്.സി.പി) |
| ചെലവ് തുക | 8,10,000/-രൂപ (വികസന ഫണ്ട്-എസ്.സി.പി) |
| ബിൽ നം നമ്പർ, തീയതി | 285/03.03.2020-6,30,000<br>318/17.03.2020-1,80,000 |

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ S0160/21 പ്രകാരം പട്ടിക ജാതി കോളനികളിൽ സൗര തെരുവു വിളക്കുകൾ സ്ഥാപിക്കുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. സൗര തെരുവു വിളക്കുകൾ ക്രൂസിൽ നിന്നും വാങ്ങി സ്ഥാപിക്കുന്നതിന് തീരുമാന പ്രകാരം അനുമതി ലഭിച്ചിരുന്നു. ആയതനുസരിച്ച് ഇൻവോയ്സ് നമ്പർ. KREWS/ 697/19-20 Dt. 27-02-2020 പ്രകാരം 18 എണ്ണം സൗര തെരുവു വിളക്കുകളാണ് വാങ്ങിയത്. പ്രസ്തുത പ്രോജക്ടിന്റെ തുക മാറുന്നതിനായി 30-03-2020 ന് ട്രഷറിയിൽ സമർപ്പിച്ചിരുന്നെങ്കിലും ബിൽ ക്യൂബിൽ ആയതിനാൽ പ്രോജക്ട് സ്പിൽഓവറായി നടത്തിയാണ് തുക കേരള റൂറൽ എംപ്ലോയ് മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് നൽകിയത്.പ്രൊജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ താഴെ പറയുന്നു.

സർക്കാർ ഉത്തരവ് (എം. എസ്) 1093/2017 തസ്വഭവ തി. 5.4.2017 പ്രകാരം ആണ് ക്രൂസിൽ നിന്നും സൗര വിളക്കുകൾ വാങ്ങാൻ തീരുമാനിച്ചത്. ഈ ഉത്തരവിൽ കേരള ഗ്രാമജ്യോതി ലൈറ്റിംഗ് പൂർണ്ണമായി സ്വന്തമായി ഉത്പാദിപ്പിക്കുന്ന ഇലക്ട്രിക്കൽ അനുബന്ധ ഉപകരണങ്ങൾ നേരിട്ടു വാങ്ങുന്നതിനാണ് അനുമതി നൽകിയത്. എന്നാൽ ഇൻവോയ്സിൽ നിന്നും പ്രകാരം ഇവ സ്വന്തമായി നിർമ്മിച്ചതാണോ എന്ന കാര്യം വ്യക്തമാകുന്നില്ല. സൗര വിളക്കുകളുടെ ഗുണ നിലവാരം പരിശോധിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. 18 പട്ടികജാതി കോളനികളിൽ സൗര തെരുവു

വിളക്കുകൾ സ്ഥാപിച്ച് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് നടത്തിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റി ഇതു സംബന്ധിച്ച് പരിശോധന നടത്തിയിയതിന്റെ മിനറ്റ്സും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പുതുതായി സ്ഥാപിക്കുന്ന തെരുവ് വിളക്കുകൾക്ക് ലഭിക്കേണ്ട വാറന്റി കാലയളവിലെ സേവനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാകുന്നതുവരെ 8,10,000/- രൂപ തടസ്സപ്പെടുത്തുന്നു .(ഓഡിറ്റ് എൻക്വറി നം 08 /29.12.2021 ).

## 1-30 ക്യാഷ് ബുക്ക് സൂക്ഷിക്കുന്നതിലെ അപാകത

1) ധനകാര്യ വകുപ്പിന്റെ 12.04.2006- ലെ ജി.ഒ. (പി). നമ്പർ .177/2006/ഫിൻ/ ഉത്തരവ് പ്രകാരം , നിർവഹണോദ്യോഗസ്ഥർ ടി.ആർ. 7-എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് കണക്ക് രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ ഡയറി ഫാം ഇൻസ്ക്ടർ , ഉത്തരവ് പ്രകാരമുള്ള ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. 12-04-2006 ലെ 177/2006-ാം നം ഉത്തരവ് പ്രകാരം ഖ.26.6 പ്രകാരം അനുബന്ധം ബി. V-ൽ പ്രോജക്ക്റ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. തൻവർഷം വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും നിർദ്ദിഷ്ട മാതൃകയിലുള്ള പ്രോജക്റ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. എല്ലാ നിർവഹണോദ്യോഗസ്ഥരും ടി.ആർ. 7- എ ക്യാഷ്ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

### 2)ടി ആർ **7**എ ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

നിർവ്വഹണ ഉദ്യോഗസ്ഥൻ തൻവർഷം വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ്ബുക്ക്, പ്രോജക്റ്റ് രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല. ധനകാര്യവകുപ്പിന്റെ 12-04-2006 ലെ 177/2006-ാം നം ഉത്തരവ് പ്രകാരം നിർവഹണോദ്യോഗസ്ഥർ ടി.ആർ 7-എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് കണക്ക് രേഖപ്പെടുത്തണം. ഖ.26.6 പ്രകാരം അനുബന്ധം ബി. V-ൽ പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കണം. എല്ലാ നിർവഹണോദ്യോഗസ്ഥരും ടി.ആർ 7-എ ക്യാഷ്ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെന്നുറപ്പാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ. 12തീയ്യതി :29-12-2021)

## 1-31 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിലെ അപാകതകൾ- അധികച്ചെലവ് അംഗീകരിക്കുന്നില്ല

പ്രോജക്റ്റ് നം 0186/21- അംഗനവാടി ശിശു സൗഹൃദ ടോയിലേറ്റ്

വകയിരുത്തിയത്- 3,35,000 (പൊതു വിഭാഗ ഗ്രാന്റ് )

കരാറുകാരൻ- ശ്രീ.റസാഖ് .എം.എച്ച്.

എസ്റ്റിമേറ്റ് നം- 2019/1638

സാങ്കേതികാനുമതി- 3,35,000/2018-19, തിയതി 08-11-2019

ഈ പ്രവ്യത്തിയുടെ പേമെന്റ് നടത്തിയിരിക്കുന്നത് ചുവടെ ചേർത്ത പ്രകാരം ആണ്.

ആകെ പ്രവ്യത്തി മൂല്യം- 2,54,113

(+) 12% ജി.എസ്.ടി.- 30,494

ആകെ - 2,84,607

(-) നികുതികൾ, ക്ഷേമനിധി വിഹിതം- 10,164

കരാറുകാരന് നൽകിയ തുക- 2,74,443 (ബിൽ നം-31, തിയതി 22-05-2020)

സർക്കാർ സർക്കുലർ നം. 18/2019/ഫിൻ, തിയതി 01/03/2019 അനുസരിച്ച് പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ സർക്കുലർ നമ്പർ CE/Admin/ PLA/EMP/1014/ (A)/05 പ്രകാരം 15.03.2019 മുതൽ കാസറഗോഡ് ജില്ലയിൽ പ്രാബല്യത്തിൽ വന്ന കോസ്റ്റ് ഇൻഡക്സ് ആയ 32.04% അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്ക മാത്രമേ ജി.എസ്.ടി. കോമ്പൻസേഷൻ വകയിരുത്താനും കരാറുകാർക്ക് നൽകാനും സാധിക്കുകയുള്ളൂ.

എന്നാൽ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 38.24% കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനമാക്കിയാണ്. ഈ എസ്റ്റിമേറ്റിൽ ജി.എസ്.ടി. കോമ്പൻസേഷന് തുക വകയിരുത്താത്തതിനാൽ ഈ പ്രവൃത്തിക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിക്കാവുന്നതല്ല.

ആയതിനാൽ ജി.എസ്.ടി. തുക കൂട്ടി നൽകിയതിനാൽ പഞ്ചായത്ത് ഫണ്ടിന് 30,494/- രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. ഇത് പ്രവൃത്തിയുടെ അന്തിമ ബിൽ തുക നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നു ( ഓഡിറ്റ് എൻക്വയറി നം. 6 തീയ്യതി 28-12-2021)

## 1-32 സ്രോതസ്സിൽ നിന്നും ആദായ നികുതി- കുറവ് ചെയ്തിട്ടില്ല

ആദായ നികുതി നിയമത്തിലെ 194 സി വകുപ്പ് പ്രകാരം വ്യക്തികൾക്കോ ഹിന്ദു അവിഭക്ത കുടുംബങ്ങൾക്കോ അല്ലാതെ നടത്തുന്ന എല്ലാ പേമെന്റുകളിൽ നിന്നും 2% തുക ആദായ നികുതിയിനത്തിൽ കുറവ് ചെയ്ത് അടക്കാൻ പേമെന്റ് നടത്തുന്നയാൾ ബാദ്ധ്യസ്ഥനാണ്. എന്നാൽ കാറഡുക്ക ഗ്രാമപഞ്ചായത്തിൽ ചില മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ മഹാത്മ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് പേമെന്റുകൾ നടത്തിയപ്പോൾ അസിസ്റ്റന്റ് എഞ്ചിനീയർ ആദായ നികുതിയിനത്തിൽ കുറവ് ചെയ്തത് 1% തുക മാത്രമാണ്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമം നം | പ്രോജക്ട്, ചെലവ് വിവരം | പേമെന്റ് നടത്തിയ ബിൽ നം. /വൗച്ചർ നം, തിയതി, തുക | ആകെ പ്രവൃത്തി മൂല്യം | ആദായ നികുതി- കുറവ് ചെയ്ത തുക @1% | ആദായ നികുതി -കുറവ് വരുത്തേണ്ട തുക @2% | കുറവ് |
|---|---|---|---|---|---|---|
| 1 | 0181/20-21 മാളംക്കൈ കുണ്ടടുക്ക റോഡ് റീ ടാറിംഗ് | 75/23-07-2020 തുക- 2,99,985 | 2,35,121 | 2351 | 4702 | 2351 |
| 2 | 0180/20-21 ശന്തിനഗർ കല്ലച്ചിറ റോഡ് ടാറിംഗ് | 76/23-07-2020 തുക- 3,50,000 | 30,985 | 3099 | 6197 | 3099 |
| 3 | 0179/20-21 പാണർകോച്ചി എരിഞ്ചേരി റോഡ് റീ ടാറിംഗ് | 77/23-07-2020 തുക- 4,00,000 | 3,00,213 | 3002 | 6004 | 3002 |
| 4 | 0177/20-21 മുടാംകുളം പൂവടുക്ക റോഡ് റീ ടാറിംഗ് | 78/23-07-2020 തുക- 4,55,000 | 3,93,503 | 3935 | 7870 | 3935 |

| | | | | | | |
|---|---|---|---|---|---|---|
| 5 | 0173/20-21 നെല്ലിയടുക്ക പണിയ റോഡ് റീ ടാറിംഗ് | 79/23-07-2020<br>തുക- 1,99,037 | 1,72,450 | 1725 | 3449 | 1725 |
| 6 | 0174/20-21 അടുക്കം ചോദമൂല കാർലെ റോഡ് റീ ടാറിംഗ് | 80/23-07-2020<br>തുക- 4,24,270 | 3,76,642 | 3766 | 7532 | 3766 |
| 7 | 0171/20-21 സുബ്രമണ്യക്ഷേത്രം കൊട്ടംകുഴി കാനത്തൂർ മൂല എസ്.സി കോളനി റോഡ് ടാറിംഗ് | 76/12-10-2020<br>തുക- 4,00,000 | 3,57,114 | 3357 | 7142 | 3357 |
| 8 | 0178/20-21 കർമ്മം തൊടി കൊട്ടംകുഴി റോഡ് റീ ടാറിംഗ് | 33/04-12-2020<br>തുക- 3,00,000 | 2,65,736 | 2657 | 5314 | 2657 |
| | | | | | ആകെ | 23,892 |

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം.11 തിയതി 29-12-2021 മുഖേന വിശദീകരണങ്ങൾ ആരാഞ്ഞെങ്കിലും മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ കേന്ദ്ര സർക്കാരിനുണ്ടായ നഷ്ടം ഈ പ്രവൃത്തികളുടെ അന്തിമ ബില്ലുകൾ തീർപ്പാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-33 സാന്ത്വന പരിചരണത്തിന് മരുന്നുകൾ ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ അലോപ്പതി (സി.എച്ച്.സി.) നിർവഹണം ചെയ്യ, സാന്ത്വന പരിചരണത്തിന് മരുന്ന് വാങ്ങൽ (0153/20-21) എന്ന പ്രൊജക്ടിന്റെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് തുക മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയതി വരെയും മേൽ സ്ഥാപനം മുഴുവൻ തുകയുടെയും മരുന്ന് വിതരണം ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം, തിയതി | തുക |
|---|---|
| 9556/21-05-2020 | 58,922/- |

മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുവരെ 58,922/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 7തീയ്യതി 28-12-2021)

## 1-34 പൊതുമരാമത്ത് ഫയലുകൾ ഹാജരാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ താഴെപ്പറയുന്ന ഫയലുകൾ ഓഡിറ്റിനായി ഹാജരാക്കിയില്ല.

1)പ്രോജക്ട് നം.0150/20-21

പള്ളം -കോളക്കമൂല റോഡ് വികസനം

ബിൽ നം.42/2020-21 തീയതി 30-03-2021 തുക 2,48,758/-

2)പ്രോജക്ട് നം.0185/2020-21

മല്ലവര-ബെള്ളൂരടുക്ക റോഡ് ടാറിങ്ങ്

ബിൽ നം.29/2020-21 തീയതി 20-05-2020 തുക 7,20,010/-

(ഓഡിറ്റ് എൻക്വയറി നം.14/20-21 തീയതി 29-12-2021)

1-35 ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

പദ്ധതി നം. 0008/21

അംഗൻവാടി പോഷകാഹാരം

ഗ്രാമ പഞ്ചായത്തിലെ 30 അംഗൻവാടി സെന്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം കൈരളി അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, ദേലംമ്പാടി (അക്കൗണ്ട് നം. 40451100007829) എന്ന സ്ഥാപനത്തിൽ നിന്നും വിവിധ മാസങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ വാങ്ങിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ആകെ 23,812 കി.ഗ്രാം ന്യൂട്രിമിക്സ് വാങ്ങിയതിന് 17,50,180/- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പരിശോധനകൾ നടത്തിയിട്ടുള്ളതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 9/29.12.2021)

1-36 അംഗൻവാടി പോഷകാഹാരം

നിർവ്വഹണ ഉദ്യോഗസ്ഥൻ. ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പദ്ധതി നം. 0008/21 അംഗൻവാടികൾക്ക് ആവശ്യമായ ഭക്ഷ്യ സാധനങ്ങൾ ത.സ്വ.ഭ.വ /13.11.2010 ലെ ഉത്തരവ് നമ്പർ 62393/DB2/10 പ്രകാരം മാവേലി സ്റ്റോറിൽ നിന്നും (സപ്ലൈക്കോ) വാങ്ങേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ Kasaragod District Wholesale Co.op.Consumer Store Limited എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയത്. ഭക്ഷ്യ സാധനങ്ങൾ സഹകരണ സ്റ്റോറിൽ നിന്നും വാങ്ങുന്നുണ്ടെങ്കിലും ആയതിന് മാവേലി സ്റ്റോർ ഈടാക്കുന്ന നിരക്കിൽ കൂടുതൽ ചെലവഴിക്കാൻ പാടുള്ളതല്ല. മാവേലി സ്റ്റോറിന്റെ വിലയും സഹകരണ സ്റ്റോറിന്റെ വിലയും തുല്യമായിരിക്കണം. അതായത് രണ്ട് സ്ഥാപനങ്ങളുടെയും നിരക്ക് പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ച് വിവരം അറിയിക്കേണ്ടതാണ്. Kasaragod District Wholesale Co.op.Consumer Store Limited എന്ന സ്ഥാപനത്തിൽ നിന്നും ഭക്ഷ്യസാധനങ്ങൾ വാങ്ങിയതിനുള്ള സാഹചര്യം വിശദീകരിക്കേണ്ടതാണ്. വാങ്ങിയ ഭക്ഷ്യ സാധനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| വാങ്ങിയ ഭക്ഷ്യ | ബിൽ നമ്പർ - | വാങ്ങിയ | നൽകിയ |
|---|---|---|---|

| സാധനങ്ങൾ | തീയതി | കിലോ ഗ്രാം | തുക |
|---|---|---|---|
| ഗോതമ്പ് | 3/26.06.2020 | 2425 | 97,000 |
| ചെറുപയർ | 3/26.06.2020 | 615 | 84,225 |
| ശർക്കര | 3/26.06.2020 | 425 | 30,175 |
| വെളിച്ചെണ്ണ | 3/26.06.2020 | 159 | 30,209 |
| ബെംഗാൾ ദാൽ | 3/26.06.2020 | 300 | 19,200 |
| ഗോതമ്പ് | 4/18.08.2020 | 2280 | 91,200 |
| ചെറുപയർ | 4/18.08.2020 | 575 | 75,900 |
| ശർക്കര | 4/18.08.2020 | 337 | 22,916 |
| വെളിച്ചെണ്ണ | 4/18.08.2020 | 153 | 16,832 |
| ബെംഗാൾ ദാൽ | 4/18.08.2020 | 263 | 29,069 |
| ഗോതമ്പ് | 88/19.08.2020 | 3050 | 1,22,000 |
| ചെറുപയർ | 88/19.08.2020 | 675 | 66,825 |
| ശർക്കര | 88/19.08.2020 | 465 | 25,575 |
| വെളിച്ചെണ്ണ | 88/19.08.2020 | 326 | 24,129 |
| ബെംഗാൾ ദാൽ | 88/19.08.2020 | 127 | 24,129 |
| ഗോതമ്പ് | 6/23.10.2020 | 2825 | 1,13,000 |
| ചെറുപയർ | 6/23.10.2020 | 621 | 58,995 |
| ശർക്കര | 6/23.10.2020 | 419 | 23,045 |
| വെളിച്ചെണ്ണ | 6/23.10.2020 | 135 | 26,325 |
| ബെംഗാൽ ദാൽ | 6/23.10.2020 | 288 | 21,060 |
| ഗോതമ്പ് | 206/21.01.2021 | 2825 | 1,13,000 |
| ചെറുപയർ | 206/21.01.2021 | 711 | 73,944 |
| ശർക്കര | 206/21.01.2021 | 488 | 26,352 |
| വെളിച്ചെണ്ണ | 206/21.01.2021 | 160 | 35,200 |
| ബെംഗാൾ ദാൽ | 206/21.01.2021 | 272 | 20,400 |

മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 10/29.12.2021)

1-37 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തതായി കാണുന്നില്ല-

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിപ്രകാരം നടപ്പിലാക്കിയ

പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്ക മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി തുക കുറവ് ചെയ്ത് അടച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000 രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടച്ചതായി കാണുന്നില്ല. പ്രവൃത്തികളുടെയും, സാമഗ്രികൾ വാങ്ങിയ വകയിൽ കരാറുകാരുടെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച തുകകളുടെയും സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി യുടെയും (1% എസ്.ജി.എസ്.ടി, 1% സി.ജി.എസ്.ടി) ആദായ നികുതിയുടേയും (1%) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | മെറ്റീരിയൽ തുക | FTO നം & തിയതി | ഈടാക്കേണ്ട GST | ഈടാക്കേണ്ട IT |
|---|---|---|---|---|---|---|
| 1 | മിഞ്ചിപ്പദവ് റോഡ് കോൺക്രീറ്റ് | ഭാസ്കരൻ | 3,98,347 | ML-3325/ Dt.26.11.2020 | 7,167 | 3,983 |
| 2 | പള്ളം ചു ക്കുവളപ്പ് ഫൂട്പാത്ത് കോൺക്രീറ്റ് | ഭാസ്കരൻ | 99,000 | ML-520/ Dt.30.06.2020 | ഇല്ല | 990 |
| 3 | മല്ലമഗായ് അർതലം-കരണി റോഡ് കോൺക്രീറ്റ് | ഭാസ്കരൻ | 3,98,380 | ML-1435/Dt.14.09.2020 | 7,167 | 3,983 |
| 4 | കർമത്തോടി GVHSS ഗാംധി നഗർ റോഡ് കോൺക്രീറ്റ് | ഭാസ്കരൻ | 3,98,380 | ML-1265/ Dt.10.08.2020 | 7,167 | 3,983 |
| 5 | കുക്കംഗൈ-കാറക്കാട് റോഡ് റോഡ് കോൺക്രീറ്റ് | ഭാസ്കരൻ | 2,41,913 | ML-548/637 /Dt.03.07.2020 /16.07.2020 | 4,838 | 2,491 |
| 6 | പൂതപള്ളം-ഫുലിയടി റോഡ് കോൺക്രീറ്റ് | ഭാസ്കരൻ | 3,98,347 | ML-3326/ Dt.17.11.2020 | 7,966 | 3,983 |
| 7 | മയിലംകോട-പള്ളയാൻമൂല റോഡ് കോൺക്രീറ്റ് | ഭാസ്കരൻ | 3,97,886 | ML-2548/ Dt.25.02.2020 | 7,958 | 3,978 |
| 8 | മുള്ളേറിയ-കരിമ്പളപ്പ് റോഡ് കോൺക്രീറ്റ് | ഭാസ്കരൻ | 3,98,347 | ML-642/ Dt.15.07.2020 | 7,967 | 3,983 |

| | | | | | | |
|---|---|---|---|---|---|---|
| 9 | കുന്റാർ-മയിലൻകോട റോഡ് കോൺക്രീറ്റ് | ഭാസ്കരൻ | 3,98,380 | ML-1192/ Dt.15.08.2020 | 7,968 | 3,983 |
| 10 | ശാന്തിനഗർ- ചെന്നംകോട റോഡ് കോൺക്രീറ്റ് | ഭാസ്കരൻ | 3,98,319 | ML-3334/ Dt.24.11.2020 | 7,966 | 3,983 |
| 11 | മൂടംപ്പാറ-അരോട്ടി മൂല റോഡ് കോൺക്രീറ്റ് | ഭാസ്കരൻ | 3,98,380 | ML-743/Dt.25.07.2020 | 79,68 | 3,983 |
| 12 | മൈലെ- അലംത്തടുക്ക റോഡ് കോൺക്രീറ്റ് | ഭാസ്കരൻ | 3,98318 | ML-3418/ Dt.23.12.2020 | 7,966 | 3,983 |
| 13 | ആളൂർ School റോഡ് കോൺക്രീറ്റ് | ഭാസ്കരൻ | 1,55,884 | ML-1713/ Dt.26.09.2020 | ഇല്ല | 1,558 |
| 14 | കായമ്പാടി-ചരാവ് റോഡ് കോൺക്രീറ്റ് | കൃഷ്ണൻ | 3,93,263 | ML-3313/ Dt.04.11.2020 | 7,865 | 3,932 |
| 15 | വണ്ണച്ചഡവ്-ബെർലം റോഡ് കോൺക്രീറ്റ് | കൃഷ്ണൻ | 3,98,347 | ML-3320/ Dt.25.11.2020 | 7,966 | 3,983 |
| 16 | മല്ലാവറ-ബെള്ളൂറടുക്ക റോഡ് കോൺക്രീറ്റ് | കൃഷ്ണൻ | 3,95,665 | ML-679337/ Dt.25.01.2021 | 7,913 | 3,956 |
| 17 | കമ്മടമൂള-മറാറ്റി മൂല റോഡ് കോൺക്രീറ്റ് | കൃഷ്ണൻ | 3,98,380 | ML-4958/ Dt.20.03.2021 | 7,968 | 3,983 |
| 18 | മുള്ളേറയ- നീരോലിപ്പറ ഡ്രൈനേജ് | കൃഷ്ണൻ | 3,52,742 | ML-2732/ Dt.31.03.2021 | 7,055 | 3,527 |
| 19 | കർമ്മത്തോടി- കോട്ടംകുഴി റോഡ് കോൺക്രീറ്റ് | കൃഷ്ണൻ | 1,43,100 | ML-1008/ Dt.10.08.2020 | ഇല്ല | 1,431 |
| 20 | കാമനത്തോട്ടി- ബാലകണ്ടം റോഡ് കോൺക്രീറ്റ് | കൃഷ്ണൻ | 3,98,000 | ML-1704/ Dt.50.09.2020 | 7,960 | 3,980 |
| 21 | പൂവടുക്ക -അട്കത്തൊട്ടി 11 റോഡ് കോൺക്രീറ്റ് | കൃഷ്ണൻ | 3,98,380 | ML-3853/ Dt.12.01.2021 | 7,968 | 3,983 |
| 22 | പൂവടുക്ക -അട്കത്തൊട്ടി 12 റോഡ് കോൺക്രീറ്റ് | കൃഷ്ണൻ | 3,98,380 | ML-3854/ Dt.18.01.2021 | 7,968 | 3,983 |
| 23 | മുള്ളേറയ- നീരോളിപ്പറ പൂവടുക്ക -അട്കത്തൊട്ടി ഡ്രൈനേജ് | കൃഷ്ണൻ | 3,81,928 | ML-1017/ Dt.10.08.2020 | 7,638 | 3,819 |
| 24 | ആയർക്കാട് പിണ്ടിഗൈ -മുണ്ടോൾ റോഡ് കോൺക്രീറ്റ് | കൃഷ്ണൻ | 3,98,380 | ML-1264/ Dt.15.08.2020 | 7,967 | 3,983 |
| 25 | മുള്ളാറിയ പാർത്തകൊച്ചി- ബളക്ക അടുക്കത്തൊട്ടി റോഡ് കോൺക്രീറ്റ് | കൃഷ്ണൻ | 3,98,380 | ML-2111/ Dt.20.10.2020 | 7,967 | 3,980 |
| 26 | പട്യാത്തടുക്ക- ഇരിക്കലമൂല- കടേംഗോട് റോഡ് കോൺക്രീറ്റ് | താനോജി | 3,98,000 | ML-960241/ Dt.30.03.2021 | 7,960 | 3,980 |
| 27 | മഞ്ചംപ്പാ-കൊലന്നൂർ റോഡ് കോൺക്രീറ്റ് | ഹ്രബായിസ് | 3,98,000 | ML-5590/ Dt.11.02.2021 | 7,960 | 3,980 |
| 28 | മഞ്ചപ്പാറ -ചിർത്തൊട്ടി റോഡ് കോൺക്രീറ്റ് | ഹ്രബായിസ് | 2,54,204 | ML-3321/ Dt.10.07.2020 | 5,084 | 2,542 |
| 29 | മുണ്ടോൽമൂല- പനായിയ റോഡ് കോൺക്രീറ്റ് | ഹ്രബായിസ് | 2,72,468 | ML-3322/ Dt.11.08.2020 | 5,449 | 2,724 |

| | | | | | | |
|---|---|---|---|---|---|---|
| 30 | മഞ്ചപ്പാറ കരിംഗടുക്കം റോഡ് കോൺക്രീറ്റ് | ഹ്ബായിസ് | 3,82,664 | ML-1714/ Dt.02.07.2020 | 7,653 | 3,826 |
| 31 | മല്ലംഗൈ-കുണ്ടടുക്ക റോഡ് കോൺക്രീറ്റ് | ഉമാനാതൻ ബി.കെ | 3,98,380 | ML-4192/ Dt.03.03.2020 | 7,967 | 3,983 |
| 32 | കാറടുക്ക-തെക്കറ റോഡ് കോൺക്രീറ്റ് GVHSS | ഉമാനാതനാതൻ ബി.കെ | 3,98,380 | ML-4191/ Dt.30.06.2020 | 7,967 | 3,983 |
| 33 | പുട്ടണ്ണമൂല ബമ്പാസലമൂല റോഡ് കോൺക്രീറ്റ് | അബ്ദുല്ലകുഞ്ഞി | 3,98,000 | ML-2481/ Dt.08.12.2020 | 7,967 | 3,980 |
| 34 | ശക്തിനഗർ-പൂതപല്ലം റോഡ് കോൺക്രീറ്റ് | അബ്ദുല്ലകുഞ്ഞി | 3,98,347 | ML-3324/ Dt.30.11.2020 | 7,967 | 3,983 |
| 35 | അറിയക്കൽ-ചായിമ്പരമൂല റോഡ് കോൺക്രീറ്റ് | അബ്ദുല്ലകുഞ്ഞി | 3,98,347 | ML-3327/ Dt.03.01.2021 | 7,967 | 3,983 |
| 36 | പൂവടുക്ക-അടുകത്തൊട്ടി റോഡ് കോൺക്രീറ്റ് | ഇക്ബാൽ | 4,08,000 | ML-2499/ Dt.11.11.2020 | 8,160 | 4,880 |
| | | | | ആകെ | 2,50,434 | 1,31,248 |

നികുതികൾ ഈടാക്കാത്തതിന് കാരണങ്ങൾ വിശദമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/29.12.2021) സെക്രട്ടറി മറുപടി നൽകിയിട്ടില്ല. ആയതിനാൽ ആദായ നികുതി, ജി.എസ്.ടി. എന്നീയിനങ്ങളിൽ സർക്കാരുകൾക്കുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കി നികത്തേണ്ടതാണ്.നികുതികൾ ഈടാക്കാത്തതിന് കാരണങ്ങൾ വിശദീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിലെ അപാകതകൾ-അധികച്ചെലവ് അംഗീകരിക്കുന്നില്ല

പ്രോജക്ട് നം 0186/21- അംഗനവാടി ശിശു സൗഹൃദ ടോയിലറ്റ്

വകയിരുത്തിയത്- 3,35,000 (പൊതു വിഭാഗ ഗ്രാന്റ് )

കരാറുകാരൻ- ശ്രീ.റസാഖ് .എം.എച്ച്.

എസ്റ്റിമേറ്റ് നം- 2019/1638

സാങ്കേതികാനുമതി- 3,35,000/2018-19, തിയതി 08-11-2019

ഈ പ്രവൃത്തിയുടെ പേമെന്റ് നടത്തിയിരിക്കുന്നത് ചുവടെ ചേർത്ത പ്രകാരം ആണ്.

ആകെ പ്രവൃത്തി മൂല്യം- 2,54,113

(+) 12% ജി.എസ്.ടി- 30,494

ആകെ - 2,84,607

(-) നികുതികൾ, ക്ഷേമനിധി വിഹിതം- 10,164

കരാറുകാരന് നൽകിയ തുക- 2,74,443 (ബിൽ നം-31, തിയതി 22-05-2020)

സർക്കാർ സർക്കുലർ നം. 18/2019/ഫിൻ, തിയതി 01/03/2019 അനുസരിച്ച് പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയറുടെ 06.032019 ലെ സർക്കുലർ നമ്പർ CE/Admin/PLA/EMP/1014/(A)/05 പ്രകാരം 15.032019 മുതൽ കാസറഗോഡ് ജില്ലയിൽ പ്രാബല്യത്തിൽ വന്ന കോസ്റ്റ് ഇന്റക്സ് ആയ 32.04% അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്കു മാത്രമേ ജി.എസ്.ടി. കോമ്പൻസേഷൻ വകയിരുത്താനും കരാറുകാർക്ക് നൽകാനും സാധിക്കുകയുള്ളൂ.

എന്നാൽ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 38.24% കോസ്റ്റ് ഇന്റക്സ് അടിസ്ഥാനമാക്കിയാണ്. ഈ എസ്റ്റിമേറ്റിൽ ജി.എസ്.ടി. കോമ്പൻസേഷന് തുക വകയിരുത്താത്തതിനാൽ ഈ പ്രവൃത്തിക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിക്കാവുന്നതല്ല.

ആയതിനാൽ ജി.എസ്.ടി. തുക കൂട്ടി നൽകിയതിനാൽ പഞ്ചായത്ത് ഫണ്ടിന് 30,494/- രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. ഇത് പ്രവൃത്തിയുടെ അന്തിമ ബിൽ തുക നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 6തീയ്യതി 28-12-2021)

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2020-21 | 23-12-2021 & 24-12-2021 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് &നം | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 4,00,000 | 0011/21 ഭിന്ന ശേഷിക്കാരയ കുട്ടികൾക്കുള്ള സ്കോളർഷിപ് | 4,00,000 | 0 |
| | | 2,55,000 | 0030/21 നെൽകൃഷിക്ക് കൂലി ചിലവ് | 2,55,000 | 0 |
| | | 3,00,000 | 0044/21 പാലിന് സബ്സിഡി | 2,00,000 | 1,00,000 |
| | | 4,69,966 | 0155/21 ക്ഷീരകർഷകർക്ക് പാലിന് | 4,69,966 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സബ്സിഡി | | |
| | | 76,200 | 0270/21 ലൈഫ് മിഷൻ ഭവന നിർമ്മാണം (എസ്.സി) ധനസഹായം | 76,200 | |
| | | 1,50,000 | 0282/21 മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 1,50,000 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1,00,000 | 0011/21 ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ് | 1,00,000 | 0 |
| | | 2,50,000 | 0043/21 പാലിയേറ്റീവ് കെയർ | 99,999 | 1,50,001 |
| | | 50,000 | 0044/21 പാലിന് സബ്സിഡി | 50,000 | 0 |
| | | 2,50,000 | 0153/21 പാലിയേടീവ് കെയര് | 58,922 | 1,91,078 |
| | | 63,011 | 0155/21 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 63,011 | 0 |
| | | 76,200 | 0270/21 ലൈഫ് മിഷൻ ഭവന നിർമ്മാണം (എസ്.ടി.) ധനസഹായം | 43,800 | 32,400 |
| | | 1,50,000 | 0271/21 ലൈഫ് മിഷൻ ഭവന നിർമ്മാണം (എസ്.സി.) ധനസഹായം | 1,50,000 | 0 |

വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി മറ്റുസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച് വിനിയോഗിക്കുവാൻ അവശേഷിക്കുന്ന തുകകൾ എത്രയും വേഗം വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവഴിക്കുവാൻ സാധിക്കാത്ത പക്ഷം പ്രസ്തുത തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പാ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC ലൈഫ് ഭവന | ജി.ഒ(എം.എസ്) നം. 2278/2018 /തസ്വഭവ, തിയതി | 2,03,64,174 | 96,25,938 + 99,00,000 (ഈ വർഷം ലഭിച്ചത്) ആകെ | 17,72,431 | 1,77,53,507 |

| | | | | | |
|---|---|---|---|---|---|
| പദ്ധതി | 18-08-2018 | | =1,95,25,938 | | |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 (Plan) | 12 | 2003-04 | 3-14-3-3 | പശു വിതരണം അധിക സബ്സിഡി അനുവദിച്ചത് | ഈ മൂന്ന് പരാമർശങ്ങളും 2004-05 സമാഹൃതത്തിൽ ഉൾപ്പെടുകയും സമിതി നിർദ്ദേശ പ്രകാരം (2011-14 12 മത് റിപ്പോർട്ട്- LFAC 2011-14 12 മത് റിപ്പോർട്ട് ഖ.265) ഈ ഓഫീസിൽ നിന്നും തീർപ്പാക്കി ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ഇവ 2003-04 സമാഹൃത റിപ്പോർട്ടിൽ നിന്നും ഒഴിവാക്കി ഹെഡ്ഡോഫീസിൽ നിന്നും ഉത്തരവ് വന്നിട്ടില്ല. നിയമസഭാ സമിതി (2021-23), 02.09.2021 ന് സിറ്റിംഗ് നടത്തി. 24.8.2021ന് എം.ഐ.പി സമർപ്പിച്ചു. പരാമർശങ്ങൾ 2003-04 സമാഹൃത റിപ്പോർട്ടിൽ നിന്നും ഒഴിവാക്കുവാൻ ശുപാർശ നൽകിയിട്ടുണ്ട്. |
| 1999-00 (Plan) | 20 | 2003-04 | 3-14-3-4 | പശുവിതരണം അധിക സബ്സിഡി അനുവദിച്ചത് | |
| 2000-01 (Plan) | 13 | 2003-04 | 3-14-3-5 | നേന്ത്ര വാഴകൃഷി അധിക സബ്സിഡി അനുവദിച്ചത് | |
| 2000-01 (Plan) | 15 | 2003-04 | 3-14-3-6 | V C B പ്രവൃത്തി മുൻകൂർ നല്കിയ തുക ക്രമീകരിക്കാത്തത് | തുക തിരികെ ഒടുക്കി .വിവരം ഹെഡ്ഡോഫീസിനെ 9-11-2015ന് അറിയിച്ചിട്ടുണ്ട്. നിയമസഭാ സമിതി (2021-23), 02.09.2021 ന് സിറ്റിംഗ് നടത്തി. 24.8.2021ന് എം.ഐ.പി സമർപ്പിച്ചു. പരാമർശം ഒഴിവാക്കുവാൻ ശുപാർശ നൽകിയിട്ടുണ്ട്. |
| തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും അവലോകനം | - | 2013-14 | 5.2.4.7 (പേജ് 109) | സ്കൂളുകളിൽ കുടിവെള്ള ക്ഷാമം (കുണ്ടാർ AUPS, MGLC, ബഡ്സ് സ്കൂൾ) | മറുപടി ലഭ്യമാക്കിയിട്ടില്ല. |
| -ടി- | - | 2013-14 | 5.2.4.12 (പേജ്.116) | സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബില്ല.കുണ്ടാർ AUPS, SGAALP മുള്ളേരിയ) | മറുപടി ലഭ്യമാക്കിയിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-5 | 2016-17 | അധ്യായം 1 അനുബന്ധം 3 | വസ്തു നികുതി പരാമർശങ്ങൾ | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 2014-15 | 2-1 | 2016-17 | അധ്യായം 2 അനുബന്ധം 4 | തൊഴിൽ നികുതി പരാമർശങ്ങൾ | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 2015-16 | 2-4 | 2016-17 | അധ്യായം 2 അനുബന്ധം 5 | തൊഴിൽ നികുതി പരാമർശങ്ങൾ | മറുപടി ലഭ്യമാക്കിയില്ല |

## 4-9 ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക - ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ/ഈടാക്കുവാൻ അവശേഷിക്കുന്ന തുക –

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക. നം | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, സ്ഥാനം | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രശീതി നമ്പർ, തീയതി) | റവന്യൂ റിക്കവറി യിലൂടെ ഈടാക്കിയ തുക/ തീയതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക ,/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2014-15 | ഖ.3-5(1) Part | എം.എൻ. വിശ്വനാഥൻ (AE ) | KSA.9802/ Spl.cell/ Csc/ C2/2017 Dt.11.3.19 | ₹3,557 | - | - | - | - | - | 3,557 | തുക ഒടുക്കിയിട്ടില്ല . |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,02,28,996 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,57,58,559 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 30,494 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 28,60,226 |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 30,494 | ഐശ്വര്യാ സിങ്ങ്, അസിസ്റ്റന്റ് എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-20 | 50,000 | ജയരാജ്, പ്രധാനാധ്യാപകൻ |
| 1-21 | 8,080 | |
| 1-22 | 3,49,146 | ഗോപാല.കെ, സെക്രട്ടറി |
| 1-23 | 5,35,230 | |
| 1-25 | 80,080 | |
| 1-29 | 8,10,000 | ബേബി.എ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-33 | 58,922 | അന സിക്സ്, മെഡിക്കൽ ഓഫീസർ അലോപ്പതി |
| 1-34 | 7,20,010 | ഐശ്വര്യ സിങ്ങ്,അസിസ്റ്റന്റ് എഞ്ചിനിയർ |
| | 2,48,758 | സതീശൻ.എ.കെ. അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 28,60,226 | |

(സി) കേന്ദ്ര- സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പര് | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-32 | 23,892 | ഐശ്വര്യ സിങ്ങ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-37 | 3,81,685 | ഗോപാല.കെ, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഐശ്വര്യാ സിങ്ങ്, അസിസ്റ്റന്റ് എഞ്ചിനിയർ | കടമക്കുടി ഗ്രാമപഞ്ചായത്ത് എറണാകുളം. | പോഴോത്ത് ഹൗസ്, ഷൺമുഖ പുരം, പച്ചാളം, 682012 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1993-94 മുതൽ 1995-96 വരെ | LFKSD5/325/2000 Dated 23-10-2002 | 6 |
| 1997-98 | LFKSD5/316/03 Dated 20-07-2004. | 7 |
| 1999-2000 | LFKSD5/545/03 Dated 17.02.2004 (ചെലവ്) | 4 |
| 1999-2000 | LFKSD4/522/06 Dated 19-06-2007 ( ഫൈനൽ) | 5 |
| 2000-01 | LFKSD4/1005/07 Dated 30.04.2008 | 12 |
| 2001-02 | LFKSD4/1006/07 Dated 20.07.2009 | 9 |
| 2002-03 | LFKSD4/19/08 Dated 25.07.2009 | 7 |
| 2003-04 | LFKSD4/1110/07 Dated 30.05.2009 | 14 |
| 2004-05 | LFKSD4/805/08 Dated 14.05.2010 | 15 |

| | | |
|---|---|---|
| 2005-06 | LFKSD4/204(A)/11 Dated 23.03.2012 | 5 |
| 2006-07 | LFKSD3/226/11Dated 10.01.2011 | 6 |
| 2007-08 | LFKSD4/925/11 Dated 29.09.2012 | 7 |
| 2008-09 | LFKSD4/322/12 Dated18.01.2013 | 9 |
| 2009-10 | LFKSD4/323/12 Dated 18.01.2013 | 6 |
| 2010-11 | LFKSD4/324/12 Dated10.01.2013 | 15 |
| 2011-12 | LFKSD6/466/2013 Dated 25.02.2014 | 17 |
| 2012-13 & 2013-14 | LF.KSD7-468/2015 Dt; 19.09.2015 | 16 |
| 2014-15 | LF.KSD7/1262/2015 Dt.11.12.2015 | 17 |
| 2015-2016 | KSA/KSD7/5/2017 Dt. 07/01/2017 | 20 |
| 2016-17 | KSA/KSD7/1016/2017 Dt. 25-09-2017 | 11 |
| 2017-18 | KSA/KSD7/1342/2018 Dt. 21.12.2018 | 24 |
| 2018-19 | KSA/KSD7/798/2019 Dt. 29-10-2019 | 12 |
| 2019-20 | KSA/KSD7/418/2021 Dt.30-06-2021 | 33 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

Karadka Grama Panchayat

INCOME & EXPENDITURE STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4271724.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 428180.00 |
| 140000000 | Fee & User Charges | I-4(b) | 1146816.00 |
| 150000000 | Sale & Hire Charges | I-5(b) | 114315.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 394.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 140226992.00 |
| 171000000 | Interest Earned | I-8 | 423753.00 |
| 180000000 | Other Income | I-9 | 764.00 |
| | Total Income | | 146612938.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8423775.00 |
| 220000000 | Administrative Expenses | I-11(b) | 1337971.00 |
| 230000000 | Operations & Maintenance | I-12(b) | 1258963.00 |
| 240000000 | Interest & Finance Charges | I-13 | 1918.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4675428.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 75454335.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 590370.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 2052338.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 42718700.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 6371452.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 30000.00 |
| | Total Expenditure | | 142915250.00 |
| | Gross Surplus/ Deficit of income over Expenditure | | 3697688.00 |
| 280000000 | Prior Period Item | I-18 | -70080.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 3767768.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-4

## റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ്

| Karadka Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 19421610.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1349960.00 |
| 140000000 | Fees & User Charges | RP-4 | 1017816.00 |
| 150000000 | Sale & Hire Charges | RP-5 | 114315.00 |
| 151000000 | Receipts from Transferred Institutions | RP-6 | 394.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 41706941.00 |
| 171000000 | Interest Earned | RP-9 | 423753.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 11647644.00 |
| 350000000 | Other Liabilities | RP-36 | 111422.00 |
| | Non Operating | | |

| | | | |
|---|---|---|---|
| 180000000 | Other Income | RP-10 | 764.00 |
| 330000000 | Secured Loans | RP-32 | 9900000.00 |
| 340000000 | Deposits Received | RP-34 | 90075.00 |
| 350000000 | Other Liabilities | RP-36 | 476283.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3321379.00 |
| 460000000 | Loans, Advances and Deposits | RP-47 | 68250.00 |
| | Grand total | | 89650606.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2438314.00 |
| 220000000 | Administrative Expenses | RP-12 | 1108196.00 |
| 230000000 | Operations & Maintenance | RP-13 | 938744.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4625428.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 16267188.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 590370.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 2052338.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 791000.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 6371452.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 30000.00 |
| 280000000 | Prior Period item | RP-26 | -19161.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 183538.00 |
| 350000000 | Other Liabilities | RP-36 | 4618232.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1918.00 |
| 280000000 | Prior Period Item | RP-26 | -25000.00 |
| 340000000 | Deposits Received | RP-34 | 35550.00 |
| 350000000 | Other Liabilities | RP-36 | 1401162.00 |

| | | | |
|---|---|---|---|
| 410000000 | Fixed Assets | RP-38 | 3635431.00 |
| 412000000 | Capital work in Progress | RP-40 | 4037708.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5444449.00 |
| 440000000 | Pre-paid Expenses | RP-45 | 9680000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1551702.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 23892047.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 89650606.00 |

## അനുബന്ധം-5

## ബാലൻസ് ഷീറ്റ്

Karadka Grama Panchayat

BALANCE SHEET

As on 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 5192360.10 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 41797105.00 |
| | Total Reserve & Surplus | | 46989465.10 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 17019144.00 |
| | Total Grants, Contributions for Specific Purposes | | 17019144.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 17753507.00 |

| | | | |
|---|---|---|---|
| | Total Loans | | 17753507.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 123604.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1174227.10 |
| | Total Current Liabilities and Provisions | | 1297831.10 |
| | TOTAL LIABILITIES | | 83059947.20 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 64703564.00 |
| 411000000 | Accumulated Depreciation | B-11 | -30535760.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 34167804.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 6189556.20 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 17753507.00 |
| 450000000 | Cash and Bank Balance | B-17 | 23892047.00 |
| 460000000 | Loans, Advances and Deposits | B-18 | 1057033.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 48892143.20 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |

| | | |
|---|---|---|
| | TOTAL ASSETS | 83059947.20 |